പുനലൂർ പ്ലൈവുഡിലെ തൊഴിലാളികൾക്ക് വി. ആർ. എസ്. ആനുകൂല്യങ്ങൾ

121 [476] *ശ്രീ. പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ പ്ലൈവുഡിലെ തൊഴിലാളികൾക്ക് വി. ആർ. എസ്.-ഉം മറ്റ് ആനുകൂല്യങ്ങളും നൽകുന്നതു സംബന്ധിച്ച് മന്ത്രിതല ചർച്ച അവസാനമായി നടന്നത് എന്നാണ്; ഇതിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണ്;

(ബി) വി. ആർ. എസ്. നടപ്പിലാക്കിയതിന് ശേഷം ഇനി എത്ര തൊഴിലാളികൾക്ക് ശമ്പളക്കുടിശ്ശിക, പി. എഫ്., ഗ്രാറ്റുവിറ്റി എന്നിവ നൽകുവാനുണ്ട്; ഇതിൽ ഓരോ തൊഴിലാളിക്കും എത്ര തുക വീതം ഓരോ ഇനത്തിലും നൽകുവാനുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 30-3-2005-ലാണ് ഇതു സംബന്ധിച്ച് അവസാനമായി മന്ത്രിതല ചർച്ച നടന്നത്. ഇതിൽ എടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു:

1. പുനലൂർ പ്ലൈവുഡിന് നിലവിൽ ബാങ്കുമായുള്ള ബാധ്യതകൾ സംബന്ധിച്ച് ബാങ്ക് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ഒരു തെ തീർപ്പിലെത്തുവാൻ വേണ്ട നടപടി സ്വീകരിക്കുന്നതിന് വ്യവസായ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

2. ശമ്പള കുടിശ്ശിക തുടങ്ങിയ കാര്യങ്ങളിൻമേൽ തീരുമാനമെടുക്കുന്നതിനായി പ്രശ്നം മന്ത്രിസഭാ ഉപസമിതി മുൻപാകെ വയ്ക്കുവാൻ തീരുമാനിച്ചു.

3. നിലവിലുള്ള ബാധ്യതകൾ തീർപ്പാക്കിയതിനുശേഷം ഭൂമി 'കിൻഫ്ര'-യ്ക്കു കൈമാറുന്ന കാര്യം പരിശോധിക്കുവാൻ തീരുമാനിച്ചു.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് കമ്പനി തുറന്നു പ്രവർത്തിക്കുന്നതിനുള്ള കാലതാമസം

122 [477] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് കമ്പനി തുറന്നു പ്രവർത്തിക്കുന്നതിനുള്ള കാലതാമസം എന്തെന്ന് വ്യക്തമാക്കാമോ:

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ 4 വർഷത്തോളമായി കമ്പനി തുറന്നു പ്രവർത്തിക്കാത്തതുമൂലം അവിടുത്തെ തൊഴിലാളികളും കുടുംബങ്ങളും കഷ്ടത അനുഭവിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ തൊഴിലാളികൾക്ക് ആശ്വാസകരമായ എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) (സി) നിരന്തരമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് കമ്പനി ഏറ്റെടുത്തു നടത്തുവാൻ സന്നദ്ധത പ്രകടിപ്പിച്ചു കൊണ്ട് കോയമ്പത്തൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു വ്യവസായ ഗ്രൂപ്പ് മുന്നോട്ട് വരികയും സർക്കാർ മുമ്പാകെ ഒരു പുനരുദ്ധാരണ പദ്ധതി സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത പുനരുദ്ധാരണ പദ്ധതി പരിശോധിച്ചശേഷം ഗവൺമെന്റും പുതിയ പ്രമോട്ടറും കമ്പനി മാനേജ്മെന്റും തമ്മിൽ ഒരു കരാർ പത്രത്തിൽ (Memorandum of Agreement) ഒപ്പിടുകയും ചെയ്തു. കരാർ പത്രം പ്രകാരം പ്രമോട്ടർ കമ്പനിയുടെ ബാദ്ധ്യതകൾ ഒറ്റത്തവണ തീർപ്പാക്കൽ പ്രക്രിയയിലൂടെ (One Time Settlement) തീർപ്പാക്കേണ്ടതാണ്. ഇതിനുള്ള ചർച്ചകൾ പ്രമോട്ടറും ബാങ്കുകളും/ധനകാര്യസ്ഥാപനങ്ങളും തമ്മിൽ നടന്നുവരികയാണ്. ഇതു സംബന്ധിച്ച നിർദ്ദേശം പ്രമോട്ടർ സ്ഥാപനം 2004 ഒക്ടോബർ മാസത്തിനും 2005 മാർച്ച് മാസത്തിലും ധനകാര്യസ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 13-4-2005-ൽ മുഖ്യമന്ത്രി ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചു ചേർക്കുകയും ചെയ്തു. പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ ബാദ്ധ്യത തീർക്കുവാനുള്ള അന്തിമ നിർദ്ദേശം പ്രമോട്ടർമാർ നൽകേണ്ടതുണ്ട്. പ്രസ്തുത നിർദ്ദേശം വൈകാതെ ധനകാര്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത യോഗത്തിൽ കമ്പനി തുറന്നു പ്രവർത്തിക്കുവാൻ പരമാവധി സഹായങ്ങൾ നൽകാമെന്നും ഇതിനായി സഹായകരമായ നിലപാട് സ്വീകരിക്കണമെന്നും ധനകാര്യസ്ഥാപനങ്ങളോട് സർക്കാർ അഭ്യർത്ഥിക്കുകയും ചെയ്തു. ചർച്ചകൾ ത്വരിതപ്പെടുത്തുവാനും കമ്പനി എത്രയും വേഗം തുറന്ന് പ്രവർത്തിപ്പിക്കുവാനും ആവശ്യമായ നടപടികൾ കൈക്കൊണ്ടുവരികയാണ്.

മലപ്പുറം ജില്ലയിലെ പൂട്ടിക്കിടക്കുന്ന വ്യവസായശാലകൾ

123 [480] *ശ്രീ. മഞ്ഞളാംകുഴി അലി :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം വ്യവസായ സ്ഥാപനങ്ങളാണ് മലപ്പുറം ജില്ലയിൽ പൂട്ടിക്കിടക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ സ്ഥാപനത്തിലും എത്ര ജീവനക്കാർ വീതം ജോലി ചെയ്തിരുന്നു എന്ന് വ്യക്തമാക്കാമോ;

GPM. 2/573/2012—22

LIBRARY ARCHIVES Kerala Legislative Assembly